തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം

184 (4808) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ രൂപീകരിച്ച തീരദേശ വികസന കോർപ്പറേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) കോർപ്പറേഷന് ഓഹരി മൂലധനമായി എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ;

(സി) മത്സ്യമേഖലയുടെ വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇതിനായി ഈ വർഷം ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷന് ഓഹരി മൂലധനമായി 2009-10 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 9 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സി) തീരദേശത്തിന്റെ പ്രത്യേകിച്ച് മത്സ്യമേഖലയിൽ അനിവാര്യമായ സാമൂഹിക അടിസ്ഥാന സൗകര്യവികസനവും അതുവഴി മത്സ്യത്തൊഴിലാളി മേഖലയുടെ സാമ്പത്തിക വികസനവും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ് കോർപ്പറേഷന്റെ പ്രവർത്തന ലക്ഷ്യം

(ഡി) തിരുവനന്തപുരം, പത്തനംതിട്ട, ആലുവ, നോർത്ത് പരവൂർ എന്നിവിടങ്ങളിൽ ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ ആകെ 10.30 കോടി രൂപ അടങ്കൽ വരുന്ന 4 ആധുനിക മത്സ്യമാർക്കറ്റുകളും ആലപ്പുഴ, എറണാകുളം ജില്ലകളിൽ 8.80 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പദ്ധതിയുമാണ് ഈ വർഷം തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നത്. കൂടാതെ മഞ്ചേശ്വരം, വെള്ളയിൽ, പരപ്പനങ്ങാടി, താനൂർ എന്നിവിടങ്ങളിൽ മിനി ഫിഷിംഗ് ഹാർബറുകൾ ഈ വർഷം തന്നെ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly